**ചോദ്യോത്തരം**

**മുജീബ്**

# അല്ലാഹു: യുക്തിവാദ വിമർശത്തിലെ യുക്തിഭംഗം

■ *പ്രാർഥനക്ക് ഉത്തരം നൽകുമെന്ന അല്ലാഹു ഖുർആനിൽ നൽകിയ വാഗ്ദാനത്തെക്കുറിച്ച് യുക്തിവാദി നേതാവ് യു. കലാനാഥൻ 'യുക്തിരേഖ'യിൽ എഴുതുന്നു: "പ്രാർഥന കേൾക്കണമെങ്കിൽ കേൾവിക്കുതകുന്ന ചെവിട് വേണ്ടേ? ചെകിടിലെ ടിംപനിക്ക് മെമ്പ്രേന്റെ കമ്പനങ്ങൾ ഉൾക്കൊണ്ട് വൈദ്യുത-കാന്തിക തരംഗങ്ങൾ ഓഡിറ്ററി നർവിലൂടെ തലച്ചോറിലെ കേൾവിയുടെ കേന്ദ്രത്തിലെത്തണ്ടേ? അതിന് അല്ലാഹുവിന് തലച്ചോറോ നർവുകളോ ചെവിടോ ടിംപേനിക് മെമ്പ്രേയ്നോ ഇല്ലല്ലോ? അല്ലാഹു അശരീരിയാണെന്ന് ഖുർആനിൽ അല്ലാഹുതന്നെ ഉത്തരവുകൾ ഇറക്കിയതായി മുഹമ്മദ് നബി സാക്ഷ്യം പറയുന്നുണ്ടല്ലോ!*

*"അല്ലാഹുവിനെ കണ്ണുകൾ കാണുകയില്ല; എന്നാൽ അവൻ കണ്ണുകളെ ക്കാണും" (6:103). അശരീരിയെ കാണാനാവില്ലല്ലോ. അതിനർഥം, പ്രാർഥന കേൾക്കാനുള്ള കഴിവുള്ളവനല്ല അല്ലാഹു എന്നു വ്യക്തം.*

*മാത്രമല്ല, ഭൂമിയിൽ വെച്ച് പ്രാർഥിക്കുന്നതും വാങ്ക് വിളിക്കുന്നതും (മൈക്ക് ഉപയോഗിച്ചാലും) നിഷ്പ്രയോജകമാണെന്ന് ശാസ്ത്ര വിദ്യാർഥികൾക്കറിയാം.*

*അല്ലാഹു ഇരിക്കുന്നതെവിടെയാണെന്ന് സ്വന്തം അനുഭവ വിവരണം വഴി മുഹമ്മദ് നബി വിശദീകരിച്ചിട്ടുണ്ട്: "നബിയുടെ ബഹിരാകാശയാത്രയിൽ ജിബ്രീൽ കൊണ്ടുവന്ന ബുറാക്ക് എന്ന മൃഗപ്പുറത്താണ് ഏഴാം ആകാശം വരെ മുഹമ്മദ് പോയത് (ഈ കാര്യങ്ങൾ ഖുറാനിൽ സൂചിപ്പിച്ചിട്ടുണ്ട്- 81:19-35, 43:1-12, 43:13-18). ശൂന്യാകാശത്തിനപ്പുറത്തെവിടെയോ ആണ് ഏഴാം ആകാശം എന്നു കരുതാം. അവിടെ 4 നദികൾ ഒഴുകുന്നതായി നബി കണ്ടു (ഇസ്‌ലാം സർവ വിജ്ഞാനകോശം, പേജ് 651). നദികളുള്ള സ്ഥലം ശൂന്യാകാശമാവില്ല. ശബ്ദം ശൂന്യതയിലൂടെ സഞ്ചരിക്കാത്തതിനാൽ, പ്രാർഥനയും വാങ്കുവിളിയും അല്ലാഹു കേൾക്കാനിടയില്ല. ചെവി അഥവാ ഉണ്ടെങ്കിലും" (യുക്തിരേഖ, 2008 മാർച്ച്). മുജീബിന്റെ പ്രതികരണം?*

***വിനോദ് കുമാർ എടച്ചേരി***

**ഭൗ**തിക ശാസ്ത്രത്തിന്റെ കാഴ്ചപ്പാടിലൂടെ ദൃശ്യപ്രപഞ്ചത്തെ നോക്കിക്കാണുകയും തദടിസ്ഥാനത്തിൽ അദൃശ്യനും ത്രികാലജ്ഞാനിയും സർവശക്തനുമായ അല്ലാഹുവിനെ വിലയിരുത്താൻ ശ്രമിക്കുകയും ചെയ്യുന്നതാണ് യുക്തിവാദികളുടെ മൗലികമായ അബദ്ധം. തികച്ചും അപൂർണവും അപര്യാപ്തവും നിരന്തരം തിരുത്തലുകൾക്ക് വിധേയവുമായ ശാസ്ത്ര നിഗമനങ്ങളെ ആധാരമാക്കി അല്ലാഹുവിനെ കാണാൻ പോയാൽ കുരുടന്മാർ ആനയെ കണ്ടതിനേക്കാൾ വിഡ്ഢിത്തപരമാവും പരിണതി.

സ്രഷ്ടാവായ അല്ലാഹു സൃഷ്ടിയായ പ്രപഞ്ചത്തിന്റെ ഭാഗമല്ല. അതിനാൽതന്നെ പ്രാപഞ്ചിക നിയമങ്ങളൊന്നും സ്രഷ്ടാവിന് ബാധകവുമല്ല. പ്രാപഞ്ചിക സത്യങ്ങളിൽതന്നെയും മഹാ ഭൂരിഭാഗവും അൽപജ്ഞനായ മനുഷ്യന് അജ്ഞാതമായി തുടരവെ, പ്രകൃത്യാതീതമോ അഭൗതികമോ ആയ സത്യങ്ങൾ കൂടി തനിക്ക് വഴങ്ങണമെന്ന് ശഠിച്ചാൽ ബുദ്ധിശൂന്യന് വേറെ ഉദാഹരണം വേണോ? മനുഷ്യബുദ്ധി അപരിമേയവും അപ്രമാദവുമാണെന്ന് സ്ഥാപിക്കാൻ യുക്തിവാദികൾക്കോ ശാസ്ത്രകാരനോ ആവില്ലതാനും. മനുഷ്യ മനസ്സും ആത്മാവും പ്രകാശവുമടക്കം സകലതും നിരന്തര ഗവേഷണങ്ങൾക്ക് ശേഷവും കുരുക്കഴിയാത്ത പ്രഹേളികകളായി അവശേഷിക്കുന്നു. പിന്നെയാണോ സ്രഷ്ടാവായ അല്ലാഹുവിന്റെ 'കണ്ണും കാതും'? പറയുന്നത് അല്ലാഹുവാണെങ്കിലും സംവദിക്കുന്നത് പരിമിതികളുള്ള മനുഷ്യരോടാണ്. മനുഷ്യർക്ക് മനസ്സിലാവണമെങ്കിൽ അവരുടെ ഭാഷയിൽ വേണം സംസാരിക്കാൻ. അതാണ് ഖുർആനിലും നബിവചനങ്ങളിലും അല്ലാഹുവിന്റെ കേൾവി, കാഴ്ച, സ്വർഗം, ഉത്തരം നൽകൽ പോലുള്ള പ്രയോഗങ്ങൾ. ഈ പ്രയോഗങ്ങളെ അക്ഷരാർഥത്തിലെടുത്തതാണ് യുക്തിവാദിക്ക് പറ്റിയ അബദ്ധം. പഞ്ചേന്ദ്രിയങ്ങളുടെ അനുപേക്ഷ്യത സൃഷ്ടികൾക്കേയുള്ളൂ; സ്രഷ്ടാവിനില്ല. അന്യൂനവും അപ്രമാദവും അപരിമേയവും അനന്തവും അനശ്വരവുമായ ജ്ഞാനമാണ് അല്ലാഹുവിന്റേത്. അതിലൂടെ അവൻ എല്ലാം കേൾക്കുകയും കാണുകയും യുക്തിപൂർവം പ്രവർത്തിക്കുകയും ചെയ്യുന്നു. പ്രാർഥന അവൻ കേൾക്കുന്നു, പ്രവർത്തനം അവൻ കാണുന്നു, ഉചിതമായ രീതിയിൽ പ്രതികരിക്കുന്നു. അതുകൊണ്ടാണ് ഈ പ്രപഞ്ചം നിലനിൽക്കുന്നത്. അല്ലാതിരുന്നെങ്കിൽ ലോകം എന്നും അക്രമികളുടെയും പാപികളുടെയും കൈയൂക്കുള്ളവരുടെയും നിഷ്ഠുര മേധാവിത്വത്തിൽ അമർന്നേനെ. മർദിതരുടെയും ഇരകളുടെയും പ്രാർഥനകളാണ് അപ്രതീക്ഷിതവും അവിശ്വസനീയവുമായ വിധത്തിലുള്ള ദൈവിക ഇടപെടലുകൾക്ക് നിമിത്തമാവുന്നത്. കാലാവസ്ഥാ പ്രവചനങ്ങൾ മുഴുവൻ പരമാബദ്ധങ്ങളായി കലാശിക്കുമ്പോഴും, വരണ്ട ഭൂമിയിൽ മഴ വർഷിക്കുന്നതും പ്രളയ ബാധിത പ്രദേശങ്ങൾ ജലമുക്തമാവുന്നതും സദ്വൃത്തരുടെ പ്രാർഥനകളുടെ ഫലമാണ്.

ബാങ്ക് അല്ലാഹുവിനെ കേൾപ്പിക്കാനല്ല, പ്രാർഥനക്കെത്തേണ്ട മനുഷ്യരെ കേൾപ്പിക്കാനാണ്. അല്ലാഹുവിന്റെ ആസ്ഥാനം 'അർശ്' ആണെന്ന് ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്. എന്താണ് അർശ്? മനുഷ്യ ദൃഷ്ടിക്കോ ബുദ്ധിക്കോ വഴങ്ങുന്നതല്ല ദൈവിക സിംഹാസനം.

അതിനാൽ പ്രവാചകൻ അത് വിവരിച്ചുതന്നിട്ടുമില്ല. ഖുർആൻ 81:19-ൽ സൂചിപ്പിച്ചത് മുഹമ്മദ് നബിയുടെ വാനയാത്രയെ അല്ല; പ്രവാചകന് ദൈവിക സന്ദേശമെത്തിക്കാൻ ചുമതലപ്പെട്ട ജിബ്രീൽ എന്ന മലക്കിന്റെ കാര്യമാണ്. 43:1-12, 13-18 എന്നൊക്കെ അലക്ഷ്യമായി എഴുതിവിട്ടപ്പോൾ, ആ സൂക്തങ്ങളുടെ ഉള്ളടക്കം എന്താണെന്ന് പോലും ലേഖകൻ പരിശോധിച്ചിട്ടില്ല. പ്രസ്തുത സൂക്തങ്ങളിലൊന്നും ബുറാക്, ജിബ്രീൽ, മുഹമ്മദ് നബിയുടെ ബഹിരാകാശയാത്ര തുടങ്ങിയതിനെക്കുറിച്ച് ഒരു സൂചനയും ഇല്ല. ഹദീസുകളിൽ നബിയുടെ വാനയാത്ര (മിഅ്റാജ്) വിവരിച്ചിട്ടുണ്ട്. അത് ഭൗതികാനുഭവമായിരുന്നെന്നും അല്ല ആത്മീയ ദർശനമായിരുന്നെന്നും പ്രവാചക ശിഷ്യന്മാർക്കിടയിൽതന്നെ ഭിന്നാഭിപ്രായമുണ്ടായിരുന്നു. മിഅ്റാജ് ആത്മീയ ദർശനമായിരുന്നെന്ന അഭിപ്രായക്കാരനാണ് പ്രസിദ്ധ പണ്ഡിതനും അൽ അസ്ഹർ യൂനിവേഴ്സിറ്റിയുടെ മുൻ റെക്ടറുമായിരുന്ന ശൈഖ് മുഹമ്മദ് അബൂസഹ്റയടക്കം ആധുനിക പണ്ഡിതന്മാരിൽ പലരും. പ്രവാചക ദർശനങ്ങളെ യുക്തിവാദപരമായി വ്യാഖ്യാനിക്കാൻ ശ്രമിക്കുന്നത് പാഴ്‌വേലയാണ്.

## കർണാടക തെരഞ്ഞെടുപ്പ്

■ *കർണാടക തെരഞ്ഞെടുപ്പിൽ ജമാഅത്തെ ഇസ്‌ലാമിയുടെ നേതൃത്വത്തിൽ പിറന്നുവീണ 'കർണാടക മുസ്‌ലിം മുത്തഹിദ മഹാദ്' (കെ.എം.എം.എം) എന്ന കൂട്ടായ്മക്ക് കനത്ത പരാജയമാണ് ഏറ്റുവാങ്ങേണ്ടിവന്നത്. കേവലം സാമുദായിക ചിന്തയിലൂടെയുള്ള ഇത്തരം കൂട്ടായ്മയിലൂടെ ജമാഅത്തിന്റെ രാഷ്ട്രീയ നിലപാടുകൾക്ക് ഒരു തിരിച്ചടിയും സംഘ്പരിവാർ ശക്തികൾക്കൊരു മുതലെടുപ്പും ആവുകയല്ലേ ചെയ്തിരിക്കുന്നത്? 'പോകുന്ന വള്ളത്തിന് ഒരു തള്ള്' എന്ന് പറയുന്നതുപോലെ ജയിക്കാൻ സാധ്യതയുള്ള വ്യക്തികൾക്കും പാർട്ടികൾക്കും വോട്ട് നൽകി അതിന്റെ 'ക്രെഡിറ്റ്' നുണയുന്ന ജമാഅത്തിന്റെ പൊയ്മുഖമല്ലേ ഇവിടെ തകർന്നടിഞ്ഞിരിക്കുന്നത്? ഇത്തരം സാമുദായിക കൂട്ടായ്മ തന്നെയല്ലേ എന്നും മുസ്‌ലിം ലീഗിന്റെയും ഉദ്ദേശ്യം. അങ്ങനെയാണെങ്കിൽ മുസ്‌ലിം ലീഗും ജമാഅത്തെ ഇസ്‌ലാമിയും എവിടെയാണ് വ്യത്യാസം?*

***എൻ.പി റിയാദ്***

ജമാഅത്തെ ഇസ്‌ലാമി, ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, ജംഇയ്യത്ത് അഹ്‌ലെ ഹദീസ്, സുന്നീ ജംഇയ്യത്തുൽ ഉലമാ തുടങ്ങി 24 മുസ്‌ലിം സംഘടനകൾ ചേർന്ന് നിയമസഭാ തെരഞ്ഞെടുപ്പിൽ ബി.ജെ.പിക്കെതിരെ ന്യൂനപക്ഷ, സെക്യുലർ വോട്ടുകൾ ഏകീകരിക്കാൻ രൂപവത്കരിച്ചതായിരുന്നു കർണാടക മുസ്‌ലിം മുത്തഹിദ മഹാദ് (കെ.എം.എം.എം). അവർ സ്വന്തം സ്ഥാനാർഥികളെ നിർത്തിയിരുന്നില്ല. അതിനാൽ ജയപരാജയ പ്രശ്നവും ഉണ്ടായില്ല. പിന്തുണച്ച സ്ഥാനാർഥികളിൽ പലരും ജയിച്ചു, ചിലർ തോറ്റു. കോൺഗ്രസ്, ജനതാദൾ (സെക്യുലർ) പാർട്ടികൾ നേടിയ സീറ്റുകളുടെയും വോട്ടുകളുടെയും ഒരു ഭാഗം മുത്തഹിദ മഹാദിന്റേതാണ്. കേവല ഭൂരിപക്ഷം നേടിയില്ലെങ്കിലും ബി.ജെ.പി ഏറ്റവും വലിയ ഒറ്റക്കക്ഷിയായത് കോൺഗ്രസ്സിന്റെയും ഗൗഡ ദളിന്റെയും ബലഹീനത മൂലമാണ്. അതിന് മുസ്‌ലിം സംഘടനകളെ പഴിച്ചിട്ട് കാര്യമില്ല.

ജമാഅത്തെ ഇസ്‌ലാമി സാമുദായിക രാഷ്ട്രീയ പാർട്ടി അല്ല, രാഷ്ട്രീയമടക്കം മൂല്യാധിഷ്ഠിതമായിരിക്കണമെന്ന് ശഠിക്കുന്ന സമ്പൂർണ ഇസ്‌ലാമിക പ്രസ്ഥാനമാണ്. രാജ്യത്ത് മനുഷ്യാവകാശങ്ങളും സ്വാതന്ത്ര്യവും നിലനിൽക്കാൻ അതിന് അനുകൂലമായ പാർട്ടികൾക്കും മുന്നണികൾക്കും സ്ഥാനാർഥികൾക്കും വോട്ടു ചെയ്യുന്നു. വോട്ടു ചെയ്യുന്നുവെങ്കിലും അത് മാത്രമല്ല അജണ്ട. രാജ്യം മുഴുക്കെ ഹിന്ദുത്വശക്തികളുടെ പിടിയിലമർന്നാലും ജമാഅത്തെ ഇസ്‌ലാമി സാധ്യമായ വിധത്തിൽ പ്രബോധന സംസ്കരണ പ്രവർത്തനങ്ങൾ തുടരും.

## സകാത്ത് വിതരണത്തിൽ ആർ.എസ്.എസ് പ്രീണനം?

■ *"…. ഒരേസമയം മതകീയവും മതേതരവുമായ ഇരട്ട വ്യക്തിത്വത്തോടെ കേരളീയ സമൂഹത്തിൽ പ്രതിനിധീകരിക്കുന്ന ജനിതക വൈകല്യം ഇന്ന് ഏറ്റവും കൂടുതൽ പ്രകടമാകുന്നത് ജമാഅത്തെ ഇസ്‌ലാമിയിൽതന്നെയാണ്. അവരുടെ സാമൂഹിക വിനിമയത്തിൽ സർവ മണ്ഡലങ്ങളിലും ഈ വിലക്ഷണത നിഴൽ വിരിക്കുന്നുണ്ട്. പള്ളികൾ കേന്ദ്രീകരിച്ച് സ്വരൂപിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്ന സകാത്തിന്റെ അർഹരെ കണ്ടെത്തുന്ന വിഷയത്തിൽ മുതൽ ഓരോ സമരങ്ങളിലും ഇടപെടുമ്പോൾ വരെ ഈ 'മതേതരത്വം' പുലർത്താൻ അവർ നിർബന്ധിതരാണ്. സകാത്തിന്റെയോ റിലീഫിന്റെയോ അപേക്ഷകളിൽ ആർ.എസ്.എസ്സുകാരനുണ്ടെങ്കിൽ പ്രത്യേകം അനുഭാവപൂർവം പരിഗണിക്കുകയും പർദയിട്ട വിധവയായ മുസ്‌ലിം മധ്യവയസ്കയുടെ പ്രശ്നം അപ്രധാനമാവുകയും ചെയ്യുന്ന മുൻഗണനാക്രമം ഇങ്ങനെ രൂപപ്പെടുന്നതാണ്. വർഗീയ കലാപ സന്ദർഭങ്ങളിൽ അമ്മമാരുടെ കണ്ണീരൊപ്പാൻ പ്രത്യേകമായി ശ്രദ്ധിക്കുന്ന അമീറുമാർ എൻ.ഡി.എഫായിപ്പോയ ഒരു മകനെ പെറ്റുപോയി എന്ന ഒരു കുറ്റം കൊണ്ട്, മകന്റെ വേർപാടിൽ വിരഹമനുഭവിക്കുന്ന ഉമ്മമാരെ തിരിഞ്ഞുനോക്കുക പോലും ചെയ്തില്ല" (തേജസ് 2008 ജൂൺ 1-15, പേജ് 39). മുജീബ് എന്തു പറയുന്നു?*

***എം.എൻ മുഹമ്മദ് കാസിം***
***കാഞ്ഞിരപ്പള്ളി***

**ഹി**ന്ദു എന്നാൽ ആർ.എസ്.എസ്സിന്റെ പര്യായമാണെന്ന് ജമാഅത്തെ ഇസ്‌ലാമി മനസ്സിലാക്കുകയോ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. അന്ധമായ സാമുദായിക വിദ്വേഷത്തെ ജമാഅത്ത് പൂർണമായും നിരാകരിക്കുന്നു. സകാത്തിന്റെ അവകാശികളിൽ, ഇസ്‌ലാമിനോടും മുസ്‌ലിംകളോടും അനുഭാവം പുലർത്തുന്ന അമുസ്‌ലിംകളും ഉണ്ട് (മുഅല്ലഫതുൽ ഖുലൂബ്). ഖുർആൻ വ്യക്തമാക്കിയ ഈയടിസ്ഥാനത്തിലാണ് ജമാഅത്തെ ഇസ്‌ലാമിയുടെ സകാത്ത് വിതരണം. സകാത്ത് ദാതാക്കൾക്കും അതറിയാം. അതുകൊണ്ടാണ് പതിറ്റാണ്ടുകളായി ജമാഅത്തിന്റെ സകാത്ത് സാമൂഹിക സംഭരണത്തോട് സംഘടനക്ക് പുറത്തുള്ളവരും സഹകരിക്കുന്നത്. എൻ.ഡി.എഫിന്റെ നയനിലപാടുകളോട് ജമാഅത്തെ ഇസ്‌ലാമിക്ക് മൗലികമായി തന്നെ വിയോജിപ്പുണ്ട്. അക്കാര്യം തുറന്നു പറഞ്ഞിട്ടുമുണ്ട്. എന്നാൽ എൻ.ഡി.എഫുകാരോടുള്ള മാനുഷികബന്ധങ്ങൾക്കോ സൗഹൃദത്തിനോ ആശയപരമായ ഭിന്നത തടസ്സമായിട്ടില്ല. ബാക്കിയൊക്കെ അടിസ്ഥാനരഹിതങ്ങളായ ആരോപണങ്ങളാണ്. ഇസ്‌ലാമിക പ്രസ്ഥാനം ഇത്തരം പ്രചാരണങ്ങളെ ഗൗനിക്കാറില്ല.

## ഷൗക്കത്തിന്റെ ഒളിയമ്പ്

■ *"സ്വാമിമാർക്കെതിരെ മാത്രം അന്വേഷണവും പ്രക്ഷോഭവും നടക്കുന്നത് മതമൈത്രി തകർക്കും. എല്ലാ സമുദായത്തിലും പെട്ട സ്വാമിമാർക്കും സിദ്ധന്മാർക്കും ഔലിയാക്കൾക്കുമെതിരെ*

*അന്വേഷണം ഉണ്ടാവണം. സമൂഹത്തിൽ 100 സ്വാമിമാരുണ്ടെങ്കിൽ 100 ഔലിയാക്കന്മാരുമുണ്ട്. ഇസ്‌ലാം രോഗശമനത്തിന് ദൈവികശക്തി കുറച്ചാളുകൾക്ക് കൊടുത്തിട്ടുണ്ടെങ്കിൽ ഇത് പണ്ഡിതന്മാർ പറയട്ടെ. എങ്കിൽ മാത്രമേ തന്റെ പ്രസ്താവന വികാരത്തെ വ്രണപ്പെടുത്തുന്നതാവുന്നുള്ളൂ..." (ഗൾഫ് മാധ്യമം 2008 മെയ് 27, പേജ് 7).*

*ചില തങ്ങന്മാരെ കുറിച്ച് നടത്തിയ പരാമർശം വിവാദമായപ്പോൾ ആര്യാടൻ ഷൗക്കത്ത് അതിനു നൽകിയ വിശദീകരണമാണ് മുകളിലുദ്ധരിച്ചത്. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ പ്രവർത്തിക്കുന്നവർ പോലും ഇത്തരം ചില തങ്ങന്മാരെ ആത്മീയ-രാഷ്ട്രീയ നേതാക്കളായി ഉയർത്തിക്കാണിക്കുകയും മൗനം പാലിക്കുകയും ചെയ്യുമ്പോൾ ഷൗക്കത്തിന്റെ പ്രസ്താവനക്ക് പ്രസക്തിയില്ലേ?*

***നസീർ പള്ളിക്കൽ റിയാദ്***

**'അ**ല്ലാഹുവിനല്ലാതെ അധികാരം ഇല്ല' എന്ന ഖുർആൻ വചനത്തെ ഖിലാഫത്തിനെത്തന്നെ നിരാകരിക്കാൻ ആദ്യകാല റിബലുകളായിരുന്ന ഖവാരിജുകൾ ആയുധമാക്കിയപ്പോൾ നാലാം ഖലീഫ അലി(റ) പ്രതികരിച്ച വാക്കുകൾ പ്രസിദ്ധമാണ്: 'മിഥ്യ ലക്ഷ്യമാക്കിയ സത്യവാക്യം' എന്ന്. ആര്യാടൻ ഷൗക്കത്തിന്റെ തങ്ങൾവിമർശനത്തെക്കുറിച്ചും പ്രസക്തമാണ് ഈ പരാമർശം. ഇസ്‌ലാമിൽ ക്രൈസ്തവരെയോ മറ്റു മതസ്ഥരെയോ പോലെ ആത്മീയ നേതൃത്വം ഇല്ല. പ്രവാചകന്മാർ ആത്മീയ-ഭൗതിക ജീവിതങ്ങളെ സമന്വയിപ്പിച്ച വിപ്ലവകാരികളായിരുന്നു. മുഹമ്മദ് നബി(സ)യും ഒരേയവസരത്തിൽ പള്ളിയിലെ ഇമാമും ന്യായാധിപനും പടത്തലവനും രാഷ്ട്രീയ നേതാവും ആയിരുന്നു. ഖലീഫമാരും അതെ. അതിനാൽ ഇസ്‌ലാമിൽ ആത്മീയ നേതൃത്വം എവിടെ എന്നാണ് ആര്യാടൻ ഷൗക്കത്ത് ചോദിച്ചിരുന്നതെങ്കിൽ പ്രസക്തമായേനെ. തന്റെ പിതാവും മുസ്‌ലിം ലീഗും തമ്മിൽ ഇടഞ്ഞ പ്രത്യേക സാഹചര്യത്തിൽ, കോൺഗ്രസ്സുകാരനും നിലമ്പൂർ പഞ്ചായത്ത് പ്രസിഡന്റുമായ ഷൗക്കത്ത് തന്ത്രപൂർവം പാണാക്കാട് കുടുംബത്തെ ഉന്നമാക്കി പ്രയോഗിച്ച ഒളിയമ്പാണ് ചോദ്യകർത്താവ് ഉദ്ധരിച്ച വാർത്തക്കാധാരം. മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ സിദ്ധനോ വലിയ്യോ ആയി വേഷം കെട്ടാറില്ല. അദ്ദേഹം തന്റെ വിശ്വാസമനുസരിച്ച് മന്ത്രിക്കുകയോ ചികിത്സിക്കുകയോ ചെയ്യുന്നുണ്ടാവാം. വിയോജിക്കുന്നവർക്ക് ആശയപരമായി അത് പ്രകടിപ്പിക്കാം. അല്ലാതെ വ്യക്തിഹത്യ ന്യായമല്ല, രാഷ്ട്രീയവുമല്ല.

## സിനിമക്കാരന്റെ രോഷം

■ *ഈയിടെ ഇറങ്ങിയ ഒരു മലയാള സിനിമയിലെ ഒരു രംഗം: കേസന്വേഷണത്തിനെത്തുന്ന നായകൻ സുരേഷ് ഗോപിക്ക് മാധ്യമം ആഴ്ചപ്പതിപ്പിന്റെ ഒരു കോപ്പി (സിനിമയിൽ ഉദ്യമം എന്നാണ് പേര്) ഡി.ജി.പി കൊടുക്കുന്നു. മറുപടിയായി നായകൻ പറയുന്നു: "കീഴാളപരിപ്രേക്ഷ്യം, മാനവീകരണം, ഇന്ത്യൻദേശീയതയെയും സാംസ്കാരിക ചിഹ്നങ്ങളെയും മതപരതനിറഞ്ഞ കണ്ണുകളിലൂടെ നോക്കി എന്നും അപഹസിക്കാറുള്ള ഈ പെട്രോ ഡോളർ പത്രത്തിൽ വരുന്ന വാർത്തകൾ ആരെങ്കിലും മുഖവിലക്കെടുക്കാറുണ്ടോ. കിണ്ടിക്കും മൊന്തക്കും നിലവിളക്കിനും സംഗീതത്തിനും രവിവർമ ചിത്രങ്ങൾക്കും വരെ ജാതിയും മതവും ഉണ്ടെന്ന് പ്രചരിപ്പിക്കുന്ന ഈ 'ഡി' ക്ലാസ് പത്രത്തിൽ വരുന്ന വാർത്തകൾ ഒരു കേസിന്റെയും അന്വേഷണത്തെ പ്രഷറൈസ് ചെയ്യാൻ കാരണമാവരുത്. ഇതിന്റെ സ്ഥാനം ചവറ്റുകുട്ടയിലാണ്." ഈ തെറ്റായ സന്ദേശം സമൂഹത്തിൽ പ്രചരിപ്പിക്കുന്നതിന് എതിരെ എന്തുചെയ്യാനാകും?*

***അബ്ദുർറഹ്മാൻ ലണ്ടൻ***

**ഷാ**ജി കൈലാസിന്റെ ചില പടങ്ങളെ വിമർശിച്ചുകൊണ്ട് എ.കെ ബാബുരാജ് *മാധ്യമം* ആഴ്ചപ്പതിപ്പിൽ എഴുതിയ ലേഖനത്തിൽ അദ്ദേഹം തന്റെ പടങ്ങളിൽ ഹൈന്ദവ ബിംബങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത് ചൂണ്ടിക്കാട്ടിയിരുന്നു. ഇത് വായിച്ചു രോഷാകുലനായ സംവിധായകൻ പ്രതികാരം ചെയ്ത ശൈലിയാണ് 'ടൈമി'ലെ ഈ ഡയലോഗ്. എന്തൊക്കെ പറഞ്ഞാലും ഷാജി കൈലാസിന്റെ പീറപ്പടങ്ങളുടെ കൊട്ടയിലല്ല *മാധ്യമം* ആഴ്ചപ്പതിപ്പിന്റെ സ്ഥാനമെന്ന് സുരേഷ് ഗോപിയടക്കമുള്ള അതിന്റെ വായനക്കാർക്ക് നന്നായറിയാം. ഷാജി വെകിളിപിടിച്ചതും ഇത് മനസ്സിലാക്കിയത് കൊണ്ടാവണമല്ലോ. ■